# ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യ ബഹ്റൈൻ ചാപ്റ്റർ വാർഷിക സമ്മേളനം 2,3

മനാമ: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യ (ബിസിസിഐ) ബഹ്റൈൻ ചാപ്റ്റർ വാർഷിക സമ്മേളനം ഡിസംബർ രണ്ട്, മൂന്ന് തീയതികളിൽ ഹോട്ടൽ ഡിപ്ലോമാറ്റ് റാഡിസൻ ബ്ലൂവിൽ നടക്കും. വ്യവസായ, വാണിജ്യ, വിനോദ സഞ്ചാര മന്ത്രി സായദ് ആർ അൽസായാനിയുടെ രക്ഷാകർതൃത്വത്തിലാണ് സമ്മേളനം നടക്കുകയെന്നു സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

‘വെല്ലുവിളികൾ അവസരങ്ങൾ സൃഷ്ടിക്കുന്നു’ എന്ന പ്രമേയത്തിൽ നടക്കുന്ന സമ്മേളനത്തിൽ മേഖലയിലെയും ഇന്ത്യയിൽനിന്നുമുള്ള 400 ഓളം ചാർട്ടേഡ് അക്കൗണ്ടന്റുമാർ പങ്കെടുക്കും. ബഹ്റൈൻ സെൻട്രൽ ബാങ്ക് പ്രതിനിധികൾ, വ്യവസായ വാണിജ്യ മന്ത്രാലയം, ബഹ്റൈൻ അക്കൗണ്ടന്റ് അസോസിയേഷൻ എന്നിവടങ്ങളിൽനിന്നുള്ള പ്രതിനിധികളും സംബന്ധിക്കും.

18 പ്രമുഖർ സമ്മേളനത്തിൽ സംസാരിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യ പ്രസിഡന്റ് സി എ ദേവ്‌രാജ റെഡ്ഡി, വൈസ് പ്രസിഡന്റ് നിലേഷ് വികാംസി എന്നിവർ ‘ചാർട്ടേഡ് എക്കൗണ്ട് പ്രൊഫഷന്റെ ഭാവിയും സാമ്പത്തിക പുരോഗതിയിൽ അതിന്റെ പങ്കും’ എന്ന വിഷയത്തിൽ സംസാരിക്കും. ആധുനിക തൊഴിൽ സംഘങ്ങളിലെ നേതൃപരമായ വെല്ലുവിളികൾ എന്ന വിഷയത്തിൽ ബാങ്ക് ഓഫ് ബറോഡ മുൻ ചെയർമാൻ ഡോ. അനിൽ കാന്തെൽവാൽ സംസാരിക്കും.

ബഹ്റൈൻ കോർപ്പറേറ്റ് സാഹചര്യങ്ങളിലേക്ക് വെളിച്ചം വീശുന്ന സമ്മേളനത്തിൽ 2017ലെ ബഹ്റൈൻ സമ്പദ് വ്യവസ്ഥ എന്നതിൽ പാനൽ ചർച്ച നടക്കും. ജമാൽ ഫക്റു മോഡറേറ്ററാകും. ബിസിനസ് സൗഹൃദ ബഹ്റൈൻ വിദേശികൾക്ക് ബഹ്റൈനിൽ ബിസിനസ് ചെയ്യുന്നതിനുള്ള പുതിയ നിയമം എന്ന വിഷയത്തിൽ മഅവലത എൽ നയാൽ സംസാരിക്കും. സംരഭകത്വം, പുതുമയുണ്ടാക്കൽ എന്നീ വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്യും.

വാർത്താ സമ്മേളനത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യൻ ബഹ്റൈൻ ചാപ്റ്റർ ചെയർപേഴ്സൺ വിവേക് കപൂർ, വൈസ് ചെയർപേഴ്സൺ ഉദയ് ഷാൻബാഗ്, ജോയൽ ജോർജ് തുടങ്ങിയവർ പങ്കെടുത്തു.



ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യൻ ബഹ്റൈൻ ചാപ്റ്റർ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ